**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3610** **15.05.2017-ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിലെ ബ്ലൂപ്രിന്റർ തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ജെ.മാക്സി** | **(ശ്രീ.ജി.സുധാകരൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിൽ അനുവദനീയമായ ബ്ലൂപ്രിന്റർ തസ്തിക എത്ര; നിലവിൽ എത്രപേർ ജോലി ചെയ്യുന്നു; എത്ര ഒഴിവുകൾ ഉണ്ട്; | (എ) ആകെ 30 തസ്തിക നിലവിലുണ്ട്. 21 പേർ നിലവിൽ ജോലി ചെയ്യുന്നു. 9 ഒഴിവുകൾ നിലവിലുണ്ട്. |
| ബി) പൊതുമരാമത്ത് വകുപ്പിൽ പ്രവർത്തനക്ഷമമായ എത്ര ബ്ലൂപ്രിന്റ് മെഷീനുകൾ ഉണ്ട്; ഏതെല്ലാം ഓഫീസുകളിലാണ് ഇവ പ്രവർത്തിപ്പിക്കുന്നത്; പ്രവർത്തനക്ഷമമായ ബ്ലൂപ്രിന്റർ ഉള്ള ഓഫീസുകളിൽ ബ്ലൂപ്രിന്റർ തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ഓഫീസുകളിൽ; വ്യക്തമാക്കാമോ; | (ബി) വകുപ്പിൽ പ്രവർത്തനക്ഷമമായ 3 ബ്ലൂപ്രിന്റ് മെഷീനുകൾ ഉണ്ട്. ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ചീഫ് ആർക്കിടെക്റ്റിന്റെ കാര്യാലയം, തൃശ്ശൂർ റോഡ്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിപ്പിക്കുന്നത്. പ്രസ്തുത ഓഫീസുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (സി) നിലവിലെ സാഹചര്യത്തിൽ ബ്ലൂപ്രിന്റർ തസ്തികയുടെ ആവശ്യകത എന്താണെന്ന് വിശദമാക്കാമോ; ഇതിനായി ഉപയോഗിക്കുന്ന ആധുനിക സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) നിലവിൽ അത്യാധുനിക സംവിധാനമായ ഫോട്ടോകോപ്പിയർ/പ്ലോട്ടർ ഉള്ളതിനാൽ ബ്ലൂപ്രിന്റർ തസ്തികയുടെ ആവശ്യം നിലവിലില്ല. |
| (ഡി) യാതൊരു ജോലിയും ചെയ്യാതെ ബ്ലൂപ്രിന്റർ തസ്തികയിൽ ശമ്പളം പറ്റുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) 18 ബ്ലൂപ്രിന്റർമാർ ജോലി ചെയ്യാൻ കഴിയാതെ ശമ്പളം പറ്റുന്ന സാഹചര്യമുണ്ട്. |
| (ഇ) ബ്ലൂപ്രിന്റർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള മാനദണ്ഡം, യോഗ്യത എന്നിവ വ്യക്തമാക്കാമോ? | (ഇ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം III-ാം ഫാറം വിജയവും ബ്ലൂപ്രിന്റിംഗിൽ പ്രവൃത്തി പരിചയവുമാണ് യോഗ്യതകൾ. |

സെക്ഷൻ ഓഫീസർ